# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 513 – 29/10/2019 - ലെ മറുപടിക്ക്

### വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതി

ചോദ്യം ഉത്തരം

ശ്രീ.സി. കെ. ശശീന്ദ്രൻ

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ; | വിദ്യാഭ്യാസ വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെ കടക്കെണിയിലായ താഴ്ന്നതും മദ്ധ്യശ്രേണിയിലും ഉള്ള വിഭാഗക്കാരെ സഹായിയ്ക്കുന്നതിനായി 16.05.2017 ലെ സ.ഉ(പി)നം..65/2017/ധന. ഉത്തരവ് പ്രകാരം സർക്കാർ വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. 01.04.2012 മുതൽ 31.03.2016 വരെയുള്ള കാലയളവിൽ തിരിച്ചടവ് മുടങ്ങിയതും നിഷ്ക്രിയ ആസ്തി ആകാത്തതുമായ വായ്പയെടുത്ത അപേക്ഷകർക്ക് 2016-17 മുതൽ 2019-20 വരെയുള്ള 4 വർഷകാലയളവിലേയ്ക്ക് വാർഷിക തിരിച്ചടവ് തുകയുടെ ഒരു നിശ്ചിത ശതമാനം തുക സർക്കാർ തിരിച്ചടവ് സഹായമായി നൽകി വരുന്നു. കൂടാതെ, നിഷ്ക്രിയ ആസ്തിയായി മാറിയിട്ടുള്ളതും 31.03.2016 ൽ നിഷ്ക്രിയ ആസ്തിയായി തുടരുകയും ചെയ്ത വിദ്യാഭ്യാസ വായ്പകൾ തീർപ്പാക്കുന്നതിനും സർക്കാർ സഹായം നൽകി വരുന്നു. പദ്ധതിയിലേയ്ക്കുള്ള അപേക്ഷ സ്വീകരിയ്ക്കുന്നതിനായി elrs.kerala.gov.in എന്ന പോർട്ടൽ സജ്ജമാക്കിയിരുന്നു. പ്രസ്തുത പോർട്ടലിൽ 31.01.2018 വരെ ഓൺലൈൻ അപേക്ഷകൾ സ്വീകരിച്ചിരുന്നു. 78062 അപേക്ഷകളാണ് പദ്ധതിയിൽ ലഭിച്ചിട്ടുള്ളത്. ഇതിൽ 5512 അപേക്ഷകൾ യോഗ്യമല്ലാത്തതിനാൽ നിരസിക്കപ്പെട്ടിട്ടുണ്ട്. കൂടാതെ, 30041 അപേക്ഷകൾ വിവിധ അപാകതകളാൽ താല്ക്കാലികമായി |
| (ബി) | ഈ പദ്ധതി പ്രകാരം ഏത് തീയതി വരെ അപേക്ഷിച്ചവർക്കാണ് ആനുകൂല്യത്തിന് അർഹതയുള്ളതെന്ന് വിശദമാക്കാമോ; | |
| (സി) | ഈ പദ്ധതി പ്രകാരം എത്ര അപേക്ഷകൾ ലഭിച്ചുവെന്നും ലഭിച്ച അപേക്ഷകളിൽ എത്ര അപേക്ഷകർക്ക് ആനുകൂല്യം ലഭ്യമാക്കി എന്നുമുള്ളതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | |

| | | |
|---|---|---|
| | | നിരസിക്കപ്പെട്ടിട്ടുണ്ട്. (ആകെ 35553 അപേക്ഷകൾ ഇങ്ങനെ നിരസിക്കപ്പെട്ടിട്ടുണ്ട്) ബാക്കിയുള്ള 42509 അപേക്ഷകളിൽ പദ്ധതി മാനദണ്ഡങ്ങ ളനുസരിച്ച് ബാങ്ക് പരിശോധിച്ച് എസ്.എൽ.ബി.സിയുടെ ശുപാർശയോടെ സർക്കാരിന് സമർപ്പിച്ച 19901 അപേക്ഷകളിൽ ഇതുവരെ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. പദ്ധതിയിൽ സമർപ്പിച്ചിട്ടുള്ള ബാക്കിയുള്ള അപേക്ഷകൾ വിവിധ തലങ്ങളിൽ പരിശോധനയിലാണ്. പ്രസ്തുത പദ്ധതി ബാങ്ക് തിരിച്ചാണ് നടപ്പിലാക്കിയിട്ടുള്ളത്. ആയതിനാൽ ജില്ലാ തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല. |
| (ഡി) | ഈ പദ്ധതി നടപ്പാക്കുന്നതിനായി എത്ര കോടി രൂപ മാറ്റിവച്ചു; ഇതിൽ എത്ര കോടി രൂപ ഇതിനകം ആനുകൂല്യ വിതരണത്തിനായി ചെലവഴിച്ചുവെന്ന് വിശദമാക്കാമോ? | 2016-17, 2017-18 ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതനുസരിച്ചാണ് വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി നടപ്പാക്കി വരുന്നത്. ബാങ്കുകൾ എസ്.എൽ.ബി.സി വഴി സർക്കാരിൽ സമർപ്പിക്കുന്ന ക്ലെയിം തുകകളുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ബജറ്റ് ശീർഷകത്തിൽ അധിക ധനാനുമതിയിലൂടെ (Additional Authorization) ആവശ്യമായ തുക വകയിരുത്തിയാണ് പദ്ധതിയിലെ അപേക്ഷകർക്ക് ധനസഹായം വിതരണം ചെയ്യുന്നത്. ആകെ 195.57 കോടി രൂപ ധനസഹായമായി ഇതുവരെ ചെലവഴിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**